**സ്വയംഭൂവും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമ്പർ : 8/2016

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ........................................................................................................ ........................................................................................................................ പള്ളി വികാരിയും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ഭരണസമിതിയംഗങ്ങളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

2016-ലെ **കാതോലിക്കാദിനം** അഥവാ **സഭാദിനം** മാർച്ച് മാസം 13-ാം തീയതി (പരിശുദ്ധ വലിയനോമ്പിലെ 36-ാം ഞായറാഴ്ച) പരിശുദ്ധ സഭ ആകമാനം യഥോചിതം ആചരിക്കുകയാണല്ലോ. സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന് ദിനംതോറും വളർന്നുവരുവാനും കൂദാശകളിൽ അധിഷ്ഠിതമായ ആരാധനാ ജീവിതം നയിക്കുവാനും നാം പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ഓർക്കണം. നമ്മുടെ കുടുംബങ്ങളുടെ വിശുദ്ധീകരണം പരിശുദ്ധ സഭയുടെ ആത്മീയ വളർച്ചയ്ക്ക് ഏറെ ആവശ്യമാണ് എന്നുള്ള ബോദ്ധ്യത്തോടെ തികഞ്ഞ ദൈവാശ്രയത്തോടും, വിനയത്തോടും കൂടി വിശുദ്ധിയിൽ ജീവിക്കുവാൻ നാം നിങ്ങളേവരേയും ആഹ്വാനം ചെയ്യുന്നു. അനുദിന പ്രാർത്ഥനകളും, നോമ്പനുഷ്ഠാനങ്ങളും ജാഗ്രതയോടെ നിർവ്വഹിച്ചുകൊണ്ട് നന്മ പ്രവൃത്തികളിലൂടെ ദൈവീകരായി വളരുവാൻ ഏവരും ഉത്സാഹിക്കണം. പരിശുദ്ധ സഭയുടെ അഭിമാനത്തിനും അതിന്റെ പൈതൃകത്തിനും അനുസൃതമായ നിലയിൽ കാതോലിക്കാദിനം ആചരിക്കുന്നതിന് നിങ്ങൾ ഏവരും പ്രത്യേകം ശ്രദ്ധിക്കണം. പതിവനുസരിച്ചുള്ള എല്ലാ പരിപാടികളും, കേന്ദ്രനിർദ്ദേശപ്രകാരം നമ്മുടെ എല്ലാ പള്ളികളിലും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം. അന്നേ ദിവസം രാവിലെ പള്ളികളിൽ കാതോലിക്കേറ്റ് പതാക ഉയർത്തുകയും വി. കുർബ്ബാന മദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യണം. വി. കുർബ്ബാനയെ തുടർന്ന് പരിശുദ്ധ സഭയുടെ വിശ്വാസം, പാരമ്പര്യം, സ്വാതന്ത്ര്യം, നമ്മുടെ പൂർവ്വിക പിതാക്കന്മാരുടെ ധീരമായ നിലപാടുകൾ എന്നിവയെപ്പറ്റി വിശ്വാസികളെ പ്രബോധിപ്പിക്കണം. തുടർന്ന് സഭാദിന പ്രതിജ്ഞ എടുക്കണം. കാതോലിക്കാദിനാചരണം അങ്ങേയറ്റം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഇടവക ഭരണസമിതിയുടെ ആലോചനയോടെ വികാരിമാർ നേതൃത്വം നൽകണം.

പ്രിയ മക്കളെ, കാതോലിക്കാദിനത്തോടനുബന്ധിച്ചുള്ള ധനസമാഹരണം ഈ വർഷവും ക്രമീകരിച്ചിട്ടുണ്ട്. പരിശുദ്ധ സഭയുടെ വിവിധ ആവശ്യങ്ങൾക്കുള്ള പ്രധാന വരുമാന സ്രോതസ്സ് ഈ സംരംഭത്തിൽ നിന്നും ലഭിക്കുന്ന തുകയാണ്. പരിശുദ്ധ സഭയുടെ വിവിധ തലങ്ങളിലായി നടന്നുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, നിർധനരുടെ ഉന്നമനത്തിനും, വൈദികരുടെയും ശുശ്രൂഷകരുടെയും ക്ഷേമത്തിനും, ആത്മീയ സംഘടനകളുടെ പുരോഗതിക്കും മറ്റുമായി നടത്തുന്ന പദ്ധതികൾക്ക് കൂടുതൽ തുക ആവശ്യമായിരിക്കുകയാണ്. 2016-17 വർഷത്തിൽ പത്ത് കോടി രൂപാ എങ്കിലും കാതോലിക്കാദിന പിരിവിലൂടെ ശേഖരിക്കണമെന്നാണ് പരിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നത്.

(P T O)

കവറും ഫോൾഡറും എല്ലാ ഭവനങ്ങളിലും എത്തിക്കുകയും നിശ്ചിത തുകയോടുകൂടി യഥാസമയം കവർ തിരികെ വാങ്ങുകയും ചെയ്യണം. പ. സഭയുടെ അഭ്യുദയകാംക്ഷികളിൽനിന്നും, സഭാംഗങ്ങളായ വ്യാപാരി-വ്യവസായികൾ, ഉദ്യോഗസ്ഥർ മുതലായവരിൽനിന്നും സഭയ്ക്കുവേണ്ടി സംഭാവനകൾ സ്വീകരിക്കണം. കാതോലിക്കാദിനനിധി ശേഖരണത്തിൽ ഇടവക വികാരിമാർ പ്രത്യേകം താൽപര്യം പുലർത്തുകയും ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് ടാർജറ്റിൽ കവിഞ്ഞ തുക സമാഹരിക്കുകയും ചെയ്യണം. ഈ തുകയോടുകൂടി സഭാദിന കാണിക്കയും, റശ്ശീസായും ചേർത്ത് സഭാകേന്ദ്രത്തിൽ അടച്ച് സഭയെ സഹായിക്കണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് ആവശ്യപ്പെടുന്നു. കാതോലിക്കാ ദിന കവറുകളോടൊപ്പം കേന്ദ്രത്തിൽ നിന്നും നൽകുന്ന ഫോറം വികാരിമാർ പൂരിപ്പിച്ച് നൽകേണ്ടതാണ്. 2015-16 സാമ്പത്തിക വർഷത്തെ ടാർജറ്റും മാനദണ്ഡങ്ങളും തന്നെയാണ് ഈ വർഷവും പ. സഭ നിലനിർത്തിയിരിക്കുന്നത്. അതിൻപ്രകാരം ആ ഇടവകയിലെ ഭവനമൊന്നിന് കുറഞ്ഞത് ................ രൂപാ എന്ന നിരക്കിൽ സംഭാവന തുക നിജപ്പെടുത്തിയിരിക്കുന്നതായും ആ പള്ളിയുടെ ടാർജറ്റ് .................................രൂപയായി നിശ്ചയിച്ചിരിക്കുന്നതായും ഇതിനാൽ അറിയിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2016 ജനുവരി മാസം 19-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**